04/03/22

10/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1829(4)/20/*എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10735/*എസ്.ഐ.സി-ജി2/2020* )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തിയതി: 04.03.2020**

ശ്രീ. കെ.എം.വർഗ്ഗീസ്.
ജി-137. സുരജ്കോട്ടേജ്. (ഡോർ നം. 55/913),
പനമ്പള്ളി നഗർ, കൊച്ചി-682 036.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സൂപ്രണ്ട്,
ഹെൽത്ത് വിഭാഗം, മെയിൻ ഓഫീസ്,
കോർപ്പറേഷൻ ഓഫീസ്, പി.ബി. നമ്പർ 1016,
എറണാകുളം, കൊച്ചി- 682 011.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ഹെൽത്ത് ഓഫീസർ,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
എറണാകുളം.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 05.11.2019 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ നിന്നുള്ള മൂന്ന് വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ലായെന്നതാണ് അപ്പീൽ ഹർജിക്ക് ആധാരമായ വിഷയം. അപ്പീൽ ഹർജിക്കാരന്റെ വീടിന് സമീപമുള്ള. ഹോട്ടൽ നടത്തുന്ന ഒരു റെസിഡൻഷ്യൽ ബിൽഡിങ്ങിന്റെ ലൈസൻസ് സംബന്ധിച്ച വിവരങ്ങളായിരുന്നു ടിയാൻ ആവശ്യപ്പെട്ടിരുന്നത്. ഇതു കിട്ടാതിരുന്നതിനെ തുടർന്ന് 22.02.2020 ൽ ഒന്നാം അപ്പീൽ നൽകിയിട്ട്, അതിനും കൃത്യമായ വിവരം ലഭിച്ചില്ലെന്നും അപ്പീൽ ഹർജിക്കാരൻ 12.10.2020 ൽ കമ്മീഷനു നൽകിയ അപ്പീൽ ഹർജിയിൽ പറയുന്നു.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 26.02.2022 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3) തന്റെ വീടിന്റെ സമീപത്തുള്ള വീട് വാടകയ്ക്ക് എടുത്ത് ചിലർ ഹോട്ടൽ നടത്തുകയാണെന്നും, അവിടെ നിരവധി വാഹനങ്ങൾ വന്ന് പാർക്കു ചെയ്യുന്നതു മൂലം തന്റെ സ്വൈര്യജീവിതം നഷ്ടപ്പെട്ടിരിക്കുകയാണെന്നും, 82 വയസ്സായ തനിക്ക് ഇത് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുകയാണെന്നും, അതുകൊണ്ടാണ് ടി കെട്ടിടത്തിന്റെ നിയമപരമായ സാംഗത്യം ബോധ്യപ്പെടാൻ വേണ്ടി വിവരാവകാശ അപേക്ഷ നൽകിയതെന്നും, എന്നാൽ വേണമെങ്കിൽ നൽകാമായിരുന്നിട്ടു കൂടി എതിർകക്ഷികൾ അതു നൽകിയില്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

4) വെറുതെ ഒരു കെട്ടിടത്തിന്റെയോ, വീടിന്റെയോ കാര്യം ചോദിച്ചാൽ അത് കണ്ടെത്തി നൽകാൻ കഴിയില്ലെന്നും, നഗരസഭ നൽകിയ കെട്ടിട നമ്പരോ, പെർമിറ്റ് നമ്പരോ ലഭ്യമാക്കിയാൽ മാത്രമേ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയൂ എന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി. അതല്ലെങ്കിൽ അപ്പീൽ ഹർജിക്കാരൻ ഒരു പരാതി നൽകിയാൽ, ബിൽഡിംഗ് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധിപ്പിച്ച് വിവരങ്ങൾ നൽകാൻ കഴിയുമെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു. പരാതി നൽകിയാൽ മാത്രമേ ഇതിന്മേൽ നോട്ടീസ് അയച്ച് നടപടികൾ സ്വീകരിക്കാനാവുകയുള്ളു. എന്നാൽ, പരാതി നൽകാൻ അപ്പീൽ ഹർജിക്കാരന് താൽപ്പര്യം ഇല്ലെന്നും, ഇത്തരം ഒരു സാഹചര്യത്തിൽ തങ്ങൾ നിസ്സഹായരാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5) ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. കെട്ടിടനമ്പരോ, നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട സൂചനകളോ ഒന്നുമില്ലാതെ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ പ്രയാസമാണെന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു. മാത്രവുമല്ല, അപ്പീൽ ഹർജിക്കാരന്റെ ചോദ്യങ്ങൾ സംശയ നിവൃത്തിയുടെ സ്വഭാവത്തിലുള്ളതാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. സംശയദൂരീകരണം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ലായെന്നു കമ്മീഷൻ അപ്പീൽ ഹർജിക്കാരനെ ഓർമ്മിപ്പിക്കുന്നു.

6) ഇതെല്ലാം പരിഗണിക്കുമ്പോൾ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ തീരുമാനിക്കുന്നു. അപ്രകാരം ഇന്നേ ദിവസം 04.03.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി